ശ്രീ. ഇ. പി. പൗലോസ് : മറ്റു കൃഷികളും ചെയ്യുന്ന കാര്യത്തെപ്പറ്റി ആലോചിച്ചേ മറുപടി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീമതി. കെ. ആർ. ഗൗരി : 'ആർ' ബ്ലോക്കിൽ ചെലവാക്കിയിരിക്കുന്ന തുക ഗവണ്മെൻറ് ടെണ്ടർ വിളിച്ച് കുറഞ്ഞ ടെണ്ടർ വിളിച്ച ആളിനെക്കൊണ്ട് ചെലവാക്കിക്കുകയാണോ ചെയ്തത് ; അതോ ഇവിടത്തെ കൃഷിക്കാരെക്കൊണ്ടോണോ പണം ചെലവാക്കിക്കുന്നത് ?

ശ്രീ. ഇ. പി. പൗലോസ് : കോൺട്രാക്റ്റു സെറ്റിൽ ചെയ്തതു് എങ്ങനെയാണെന്നു് പ്രത്യേകമായിട്ടു് ചോദിച്ചാലേ പറയാൻ കഴിയുകയുള്ളൂ.

ശ്രീ. ഇ. പി. ഗോപാലൻ : ലോൺ കൊടുക്കുമ്പോൾ അതു് തിരിച്ചു് വാങ്ങാൻ കണ്ടീഷനായിട്ടു് അതിൽ വല്ലതും ചേർത്തിട്ടുണ്ടോ ; അല്ലെങ്കിൽ കടം കൊടുത്തതു് തിരിച്ചു തരേണ്ട എന്നും എഴുതാത്ത വല്ല ഉറപ്പും കൊടുത്തിട്ടുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് ; എഴുതിയിടത്തോളം തിരിച്ചു തരണമെന്നാണു് പറഞ്ഞിട്ടുള്ളതു്. ഒരു കൊല്ലം കഴിയാതെ ഇതാക്കാൻ നിവൃത്തിയില്ല.

ശ്രീ. സി. അച്യുതമേനോൻ : ഇവിടെ കരിമ്പു കൃഷിയോ മറ്റോ ചെയ്യാൻ പറ്റുമോ എന്നുള്ള ആലോചനയുണ്ടെന്നു പറഞ്ഞു. ഇതുയും സംഖ്യ ചെലവുചെയ്തിട്ടു് ഇവിടെ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ അടിസ്ഥാനത്തിൽ നെൽകൃഷി രണ്ടു പൂവായിട്ടു് വിജയകരമായി നടത്താൻ സാധിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : നെൽകൃഷി വിജയകരമായി നടത്താൻ സാധിച്ചിട്ടുണ്ടു്. ആദ്യമായിട്ടു് ഇരുപ്പു കൃഷി കായൽ ഏരിയായിൽ ചെയ്തു. പക്ഷേ അവിടെ കരിമ്പു്, തെങ്ങു് ഇവയൊക്കെ കൃഷി ചെയ്യുകയാണെങ്കിൽ ഇതിനെക്കാളും കൂടുതൽ ആദായം കിട്ടാൻ ഇടയുണ്ടെന്നുള്ളതു കൊണ്ടു് കൃഷിക്കാർക്കു് ആഗ്രഹമുണ്ടു്. പൊതുവെ നെൽകൃഷി ചെയ്യാനുള്ള സ്ഥലങ്ങളും കൺവർട്ടു ചെയ്യുന്നതുകൊണ്ടു് ബുദ്ധിമുട്ടുണ്ടാവുമെന്നുള്ളതുകൊണ്ടാണു് ആലോചിക്കാതെ പറയാൻ നിവൃത്തിയില്ലെന്നു പറഞ്ഞതു്.

പുതിയതായി വാർഡുകളും നിർമ്മിക്കുന്ന ആശുപത്രികളും.

* 293. [7] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തവർഷം ഏതെല്ലാം ആശുപത്രികളിലാണു് പുതിയ വാർഡുകളും പണിയാൻ ഉദ്ദേശിക്കുന്നതു് ;

(ബി) കുന്നംകുളം ആശുപത്രിയിൽ ഒരു പുതിയ വാർഡു പണിയുവാൻ നടപടി എടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 1964-65 ബഡ്ജറ്റിൽ ഇതിനുവേണ്ടി എന്തു തുക ഉണ്ടെന്നും അറിഞ്ഞതിനുശേഷമേ ഇതു നിശ്ചയിക്കുകയുള്ളൂ.

(ബി) അതിനെപ്പറ്റി പര്യാലോചിക്കുന്നതാണു്.

Mr. Speakor : Question No. 28 may also be answered.

LIBRARY ARCHIVES Kerala Legislative Assembly